**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** **19-09-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ വളർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ വളർത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ വളർത്തുന്നതിന്റെ ഭാഗമായി ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്കിടയിലുള്ള തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്ലാന്റേഷൻ ലേബർ നിയമം 1951 നടപ്പിലാക്കുന്നതിനുമായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും വകുപ്പിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾക്ക് അനുസൃതമായി ചുമട്ടു തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കും പരിഷ്കാരങ്ങൾക്കുമൊപ്പം നിൽക്കാൻ ചുമട്ടു തൊഴിലാളികളെ സജ്ജരാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് നിരന്തരമായി പരിശീലന പരിപാടികൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. |
| (ബി) | ചുമട്ടുതൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ | (ബി) | തൊഴിലാളികൾക്ക് വൈദഗ്ദ്യ പരിശീലനം നൽകുന്നതിന് വേണ്ട സ്കിൽഡ് ലേബേഴ്സ് എന്ന |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | വിഭാഗത്തിൽ നിന്നും മാറ്റി നിർത്തപ്പെടാതിരിക്കാൻ തൊഴിലാളികൾക്ക് വൈദഗ്ദ്യ പരിശീലനം നൽകുന്ന 'നവശക്തി പദ്ധതി' ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് നടപ്പിലാക്കി വരുന്നു. ആലുവ ISRO യാർഡ്, ആലുവ ഗോഡൗൺ, ഇടയാർ ഇൻഡസ്ട്രിയൽ പാർക്ക്, തൃക്കാക്കര ഇൻഫോ പാർക്ക് എന്നിവിടങ്ങളിലെ 150 തൊഴിലാളികളെ തെരഞ്ഞെടുത്ത് ആരോഗ്യ പരിശീലനം, സോഫ്റ്റ് സ്കിൽ പരിശീലനം, ടെക്നിക്കൽ പരിശീലനം എന്നിങ്ങനെ മൂന്ന് മാസത്തോളം നീണ്ട പരിശീലനം നൽകുകയും അവർക്ക് പ്രത്യേക യൂണിഫോം, ഫോർക്ക് ലിഫ്റ്റ്, മിനി ക്രെയിൻ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള ലൈസൻസ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നവശക്തി പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. മാത്രമല്ല ചുമട്ടു തൊഴിൽ എന്ന നിർവ്വചനത്തിനുമപ്പുറം തൊഴിലിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബോർഡ് നടത്തി വരുന്നു. പുതിയ തൊഴിൽ കാർഡിന് (26-എ കാർഡിന്) അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ജോലി ലഭ്യതയുണ്ടോയെന്ന് പരിശോധിച്ചും നിലവിലെ തൊഴിലാളികൾക്ക് ജോലിനഷ്ടം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്തും മാത്രമേ അത്തരം തൊഴിൽ കാർഡുകൾ നൽകാറുള്ളൂ. ചുമട്ടു തൊഴിൽ രംഗത്തുണ്ടാകുന്ന തർക്കങ്ങൾ, നോക്കുകൂലി, മറ്റ് അനുബന്ധ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് തൊഴിൽ സേവാ മൊബൈൽ ആപ്പ് വികസിപ്പിച്ചിട്ടുണ്ട്. |
| (സി) | നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണ്; അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി 30.04.2018 ലെ സ.ഉ.(സാധാ)നം. 511/2018/തൊഴിൽ പ്രകാരം നോക്കുകൂലി നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോക്കുകൂലി വാങ്ങിയത് ഉൾപ്പെടെയുള്ള പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ലേബർ കമ്മീഷണറേറ്റിൽ കോൾസെന്റർ (നമ്പർ: 1800 425 55 214) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ സേവാ ആപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാർ പരിഹാരം കണ്ടെത്തുന്നതാണ്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ എല്ലാ ജില്ലകളിലും അവബോധന പരിപാടികൾ നടത്തി വരുന്നു. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിൽ സംസ്ഥാനമൊട്ടാകെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയുമുൾപ്പെടെ ആകെ 15 കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. മേൽ ജില്ലാ കമ്മിറ്റികളിലേയും കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയിലേയും ചുമട്ടു തൊഴിൽ മേഖലയിൽ മുൻകാലങ്ങളിൽ അങ്ങിങ്ങായി നിലനിന്നിരുന്ന നോക്കുകൂലി, അധിക കൂലി/അമിത കൂലി എന്നീ അനാരോഗ്യകരമായ പ്രവണതകളെ നിർമാർജ്ജനം ചെയ്യുന്നതിനായി 2021-22 വർഷത്തിൽ "നോ നോക്കുകൂലി-22" ക്യാംപെയ്ൻ ഉൾപ്പെടെയുള്ളവ സംഘടിപ്പിക്കുകയുണ്ടായി. നിലവിൽ ഉണ്ടാകുന്ന ഒറ്റപ്പെട്ട പരാതികൾ വരുന്ന മുറയ്ക്ക് തന്നെ 15 കമ്മിറ്റികളും അതിനു കീഴിലുള്ള സബ് ഓഫീസ് അധികൃതരും വിഷയത്തിൽ ഇടപെട്ട് പരാതികൾ രമ്യമായി പരിഹരിച്ച് പോരുന്നു. |
| (ഡി) | ചുമട്ടുതൊഴിലാളികളുടെ ബോധവൽക്കരണത്തിനും പരിശീലനത്തിനും നടത്തിയ പ്രധാന പരിപാടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | ചുമട്ടുതൊഴിലാളികളുടെ ബോധവൽക്കരണത്തിനും പരിശീലനത്തിനുമായി "അവബോധന 2022", "നവശക്തി 2023" എന്നീ പരിപാടികൾ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് മുഖേന നടത്തിയിട്ടുണ്ട്.<br><br>**<u>അവബോധന 2022</u>**<br><br>ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാകമ്മിറ്റി, ഉപകാര്യാലയങ്ങളിലെ ജീവനക്കാരെയും തൊഴിലാളികളെയും പങ്കെടുപ്പിച്ചു കൊണ്ട് കേരളത്തിലുടനീളം വിവിധ ലഹരി വിരുദ്ധ പരിപാടികൾ "അവബോധന 2022" 2022ഒക്ടോബർ 7 മുതൽ 31 വരെ നടത്തുകയുണ്ടായി. ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ്, ലഹരി വിരുദ്ധ ജാഥ, ഫ്ലാഷ് മോബ്, തെരുവു നാടകം തുടങ്ങിയ വിവിധ പരിപാടികൾ ഇതോടനുബന്ധിച്ച് നടത്തുകയുണ്ടായി.<br><br>**<u>നവശക്തി 2023</u>**<br><br>തൊഴിൽ-വിപണി സാഹചര്യങ്ങളുടെ മാറ്റങ്ങൾക്ക് അനുസൃതമായി ചുമട്ടു തൊഴിലാളി സമൂഹത്തെ പരിഷ്കരിക്കുന്നതിനും തദ്വാര പൊതുസമൂഹത്തിനിടയിലെ ചുമട്ടു തൊഴിലാളികളോടുള്ള മനോഭാവത്തിൽ കാതലായ മാറ്റം ഉണ്ടാക്കുവാനും ലക്ഷ്യം വച്ച് ഐ.ടി പാർക്കുകൾ, കിൻഫ്രാ പാർക്ക്, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവിടങ്ങളിലെ ചുമട്ടു തൊഴിലാളികളെ |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുത്ത് അവർക്ക് ത്രിതല പരിശീലനം, പ്രത്യേക യൂണിഫോം, നൂതന സുരക്ഷാ ഉപകരണങ്ങൾ, എന്നിവ നൽകി പുതിയ ഒരു ചുമട്ടു തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനായി കേരള ചുമട്ട് തൊഴിലാളി ക്ഷേമബോർഡ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് നവശക്തി-23. നൈപുണ്യ വികസനം, വ്യക്തിത്വ വികസനം, സാങ്കേതിക പരിശീലനം എന്നിങ്ങനെ വളരെ സമഗ്രവും വിപുലവുമായ പരിശീലനം നൽകി പുതിയ ചുമട്ടു തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തൊഴിലാളികളുടെ വർക്ക് അലോട്ട്മെന്റ്, വേതന വിതരണം, തൊഴിലുടമകളുടെ ബോർഡിലേക്കുള്ള പണമടവ് എന്നിവ പൂർണ്ണമായും മൊബൈൽ ആപ്പ്, സോഫ്റ്റ്‌വെയർ എന്നിവ വഴി ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.<br><br>**അവബോധന ക്ലാസും വർക്ക് ഷോപ്പുകളും**<br><br>ചുമട്ടുതൊഴിലാളികൾക്ക് ബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും അതിനായി സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ചും നിരന്തരം അവബോധന ക്ലാസുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ